**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6201** **09-07-2024 - ൽ മറുപടിയ്ക്ക്**

**ബോട്ട് സ്രാങ്ക് തസ്തികയിൽ കെ.ഐ.വി ലൈസൻസുള്ളവരെയും പരിഗണിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മെർക്കന്റൈൽ മറൈൻ ഡിപ്പാർട്ടമെന്റ് ലൈസൻസിന് തുല്യമായ കെ.ഐ.വി ലൈസൻസ് കേരള പി.എസ്.സി മുമ്പാകെ ഹാജരാക്കുന്നതിലേയ്ക്കായി അനുവദിയ്ക്കണമെന്ന് ബോട്ട് സ്രാങ്ക് റാങ്ക് ഹോൾഡേഴ്സ് സമർപ്പിച്ചിരുന്ന നിവേദനം കേരള മാരിടൈംബോർഡുമായി ബന്ധപ്പെട്ട് പരിഹരിയ്ക്കുന്നതിനും പ്രസ്തുത ഉത്തരവ് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റുകൾ കടലിലെ മർച്ചന്റ് ഷിപ്പിംഗുമായി ബന്ധപ്പെട്ടതും കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉൾനാടൻ ജലയാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സർട്ടിഫി ക്കറ്റുകളുമാണ്. കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റിന് തുല്യമായതിനാൽ കേരളാ മാരിടൈം ബോർഡ് സർട്ടിഫിക്കറ്റുള്ള ഉദ്യോഗാർത്ഥികളേയും സ്രാങ്ക് തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പരിഗണിക്കാ വുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2010/08 പ്രകാരം ബോട്ട് സ്രാങ്ക് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ പ്രസ്തുത തസ്തികയുടെ യോഗ്യത എം.എം.ഡി സർട്ടിഫിക്കറ്റ് ആയിരുന്നുവെന്നതും, എന്നാൽ എം.എം.ഡി സർട്ടിഫിക്കറ്റ് 2011-ൽ നിർത്തലാക്കിയിരുന്നുവെന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റുകൾ കടലിലെ മർച്ചന്റ് ഷിപ്പിംഗുമായി ബന്ധപ്പെട്ടതും കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉൾനാടൻ ജലയാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സർട്ടിഫി ക്കറ്റുകളുമാണ്. കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റിന് തുല്യമായതിനാൽ കേരളാ മാരിടൈം ബോർഡ് സർട്ടിഫിക്കറ്റുള്ള ഉദ്യോഗാർത്ഥികളേയും സ്രാങ്ക് തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പരിഗണിക്കാ വുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | കേരള മാരിടൈം ബോർഡ് നൽകി വരുന്ന ഉൾനാടൻ ജലവാഹനങ്ങളിലെ സ്രാങ്ക് ആയി പ്രവർത്തിക്കുന്നതിനാവശ്യമായ യോഗ്യത സർട്ടിഫിക്കറ്റ് എം.എം.ഡി സർട്ടിഫിക്കറ്റിന് | (സി) | മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റുകൾ കടലിലെ മർച്ചന്റ് ഷിപ്പിംഗുമായി ബന്ധപ്പെട്ടതും കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉൾനാടൻ |

| | | | |
|---|---|---|---|
| | തുല്യമായതിനാൽ കേരള മാരിടൈംബോർഡ് സർട്ടിഫിക്കറ്റുള്ളവരെയും സ്രാങ്ക് തസ്തികയിലേക്കുള്ള റിക്രൂട്ട്മെന്റിനായി പരിഗണിക്കാവുന്നതാണ് എന്ന ഉത്തരവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | ജലയാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുമാണ്. കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റിന് തുല്യമായതിനാൽ കേരളാ മാരിടൈം ബോർഡ് സർട്ടിഫിക്കറ്റുള്ള ഉദ്യോഗാർത്ഥികളേയും സ്രാങ്ക് തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പരിഗണിക്കാവുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ